ഉത്തരം

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ, ബി) എം. സി. റോഡ് നഷണൽ ഹൈവേയായി പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്. ഇക്കാര്യം സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ്

* 305. [330] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1985-ൽ 7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് രണ്ടാം ഗഡുവും മൂന്നാം ഗഡുവും സ്കോളർഷിപ്പ് തുക കിട്ടിയിട്ടുണ്ട് എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(സി) ഇപ്പോൾ എത്ര സ്ഥലത്ത് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്

(ഡി) ഈ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) ഇല്ല. ആർക്കെങ്കിലും കിട്ടിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അവ ഉടനടി വിതരണം ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നല്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല;

(സി) പ്രതിവർഷം എൻ. എസ്. എസിലെ സ്കോളർഷിപ്പ് 30 രൂപയും യു. എസ്. എസ്. സ്കോളർഷിപ്പ് 40 രൂപയുമാണ്. ഇപ്പോൾ നൽകിവരുന്നത്.

(ഡി) സർക്കാരിന് വമ്പിച്ച സാമ്പത്തികബാധ്യത ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനാൽ ഈ ആവശ്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല

ഫെസ്റ്റിവൽ ഫീസ്

* 306. [332] ശ്രീ. പി. എ. മുഹമ്മദ് കണ്ണ് :

,, കെ. പി. രാമൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർദ്ധികളിൽ നിന്നും ഫെസ്റ്റിവൽ ഫീസ് ഈടാക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിലുള്ള ഫീസ് ഏത് ക്ലാസ് മുതലാണ് ഈടാക്കുന്നതും, എത്രയാണ് ഈടാക്കുന്നതും;

(സി) ഈ ഇനത്തിലുള്ള 'ഫീസ്' എന്തിനുവേണ്ടിയാണ് ചെലവാക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) ഉണ്ട്.

(ബി) 1986-87 അദ്ധ്യയന വർഷം യു. പി. മുതൽ ഹൈസ്ക്കൂൾ വിഭാഗം കുട്ടികളിൽ നിന്ന് 1 രൂപ എന്ന നിരക്കിലാണ് ഇതു ഈടാക്കുന്നത്

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇതിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്.

(സി) ഉപജില്ല, ജില്ലാ സംസ്ഥാനതലയൂത്തു ഫെസ്റ്റിവൽ നടത്തിപ്പിനും കലാകായിക രംഗത്തെ പ്രതിഭാശാലികളായ പാവപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമാണ് വിനിയോഗിക്കുന്നത്.

Income limit for fee Concession to Students of Other Backward Communities

* 307. [333] **Shri. Stephen Padua :** Will the minister for Education be pleased to state :

(a) The income limit fixed for obtaining fee concession to student of Other Backward Commnuities ;

(b) When was it fixed ;

(c) Do the Government propose to revise it ?

Answer

Education Minister **(Shri T. M. Jacob)**

(a) The income limit fixed for grant of full freeship to others Backward Classes are as follows :

(1) P. D. C.	Rs. 6,000 per anmum
Degree course	Rs. 8,000 per anmum

(2) The annual income limit for grant of educational concession. for the students belonging to the sicially and educationally backward classes as per Kumara Pillai Commission Report is Rs. 20,000.

(b) (1) 17-7-1984 as regards (1) above.

(2) 21-10-1986 as regards (2) above.

(c) (i) There is no proposal under consideration to revise the income limit for the grant of full freeship (Vide item 1 above).

(ii) Item 2 above. This limit has already been revised an 21-10-1986 and so the question of a further revision does not arise.

LIBRARY ARCHIVES Kerala Legislative Assembly